(സി) ലോട്ടറി ടിക്കറ്റ് വിൽപന വഴി സർക്കാരിന് ലഭിക്കുന്ന പണം മുഴുവനായും ചികിത്സ നൽകിയ ആശുപത്രികൾക്ക് യഥാസമയം നൽകി വരുന്നുണ്ട്. എന്നാൽ ടിക്കറ്റ് വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനത്തേക്കാൾ കൂടുതൽ തുകയ്ക്കുള്ള അപേക്ഷകൾ ലഭിക്കുന്നതിനാൽ തുക അനുവദിക്കുന്നതിൽ ചെറിയ കാലതാമസം ഉണ്ടാകുന്നുണ്ട്.

(ഡി) കാരുണ്യ ലോട്ടറിയിൽ നിന്നുള്ള അറ്റാദായം പൂർണ്ണമായും കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രവർത്തനത്തിനായാണ് വിനിയോഗിക്കുന്നത്.

കാരുണ്യ ബെനവലന്റ് ഫണ്ട്

236 (584) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ആലപ്പുഴ ജില്ലയിൽ നാളിതുവരെ ചികിത്സാ സഹായം ലഭ്യമായവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രത്യേക അനുമതിയോടുകൂടി കെ. ബി. എഫ്. സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചവരുടെ വിശദാംശങ്ങൾ (ആശുപത്രിയുടെ വിവരങ്ങൾ ഉൾപ്പെടെ) ലഭ്യമാക്കുമോ ;

(സി) സ്റ്റേറ്റ് ലെവൽ കമ്മിറ്റി അനുമതി നൽകാത്ത അപേക്ഷകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ അംഗീകാരത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(ഇ) സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ ഘടന, അംഗങ്ങളുടെ വിശദാംശങ്ങൾ, മാനദണ്ഡം, യോഗ്യത എന്നിവ വിശദമാക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ വിവിധ സർക്കാർ ആശുപത്രികളിലായി 2929 പേർക്ക് നാളിതുവരെ കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം 37,13,40,659 രൂപയും വിവിധ സ്വകാര്യ ആശുപത്രികളിലായി 362 പേർക്ക് 1,23,93,939 രൂപയും ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ നാളിതുവരെ ചികിത്സാ സഹായം ലഭ്യമായവരുടെ മറ്റ് വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ബി) ആകെ 696 രോഗികൾക്ക് ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രത്യേക അനുമതിയോടുകൂടി കെ.ബി.എഫ്. സ്റ്റേറ്റ് ലെവൽ കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. മറ്റ് വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്റ്റേറ്റ് ലെവൽ കമ്മിറ്റി അനുമതി നൽകാത്ത ഏകദേശം 128 അപേക്ഷകളാണ് ഉള്ളത്. അപേക്ഷകളുടെ വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ഡി) അപേക്ഷ കാരുണ്യ ബെനവലന്റ് ഫണ്ട് കൺസൾട്ടന്റ് ഡോക്ടർ പരിശോധിച്ചശേഷം സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടർ /സംസ്ഥാന ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, കാരുണ്യ അഡ്മിനിസ്ട്രേറ്റർ, കൺസൾട്ടന്റ് ഡോക്ടർ എന്നിവരടങ്ങുന്ന സബ് കമ്മിറ്റി പരിശോധിച്ചശേഷമാണ് സംസ്ഥാനതല കമ്മിറ്റിയിൽ ചർച്ചചെയ്യപ്പെടുന്നതും തീരുമാനം കൈകൊള്ളുന്നതും.

(ഇ) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സംസ്ഥാനതല കമ്മിറ്റിയിൽ താഴെ കാണിച്ചിട്ടുള്ള പ്രകാരം അംഗങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട് :

1. ധനകാര്യ വകുപ്പ് മന്ത്രി - ചെയർമാൻ
2. പ്രിൻസിപ്പൽ സെക്രട്ടറി (ഫിനാൻസ്)
3. പ്രിൻസിപ്പൽ സെക്രട്ടറി (ഹെൽത്ത്)
4. സെക്രട്ടറി (ടാക്സ്സ്)
5. ഡയറക്ടർ (സ്റ്റേറ്റ് ലോട്ടറീസ്)
6. ഡയറക്ടർ (ഹെൽത്ത് സർവ്വീസസ്)
7. ഡയറക്ടർ (മെഡിക്കൽ എഡ്യൂക്കേഷൻ)
8. മാനേജിംഗ് ഡയറക്ടർ (കെ.എം.എസ്.സി.എൽ.)
9. ചെയർമാൻ, കേരള സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡ്

കൂടാതെ താഴെ കാണിച്ചിട്ടുള്ളവരേയും കാരുണ്യ ബെനവലന്റ് ഫണ്ട് സംസ്ഥാനതല കമ്മറ്റിയിലേക്ക് കോ-ഓപ്റ്റ് ചെയ്തിട്ടുണ്ട്.

1. ശ്രീ. കെ. ആനന്ദ് കുമാർ, റ്റി.സി.27/1819, വഞ്ചിയൂർ, തിരുവനന്തപുരം.
2. ഡോ. പി. കുസുമകുമാരി (അഡീഷണൽ ഡയറക്ടർ), റീജിയണൽ ക്യാൻസർ സെന്റർ, മെഡിക്കൽ കോളേജ് ക്യാമ്പസ്, തിരുവനന്തപുരം.
3. ഡോ. എബ്രഹാം ജോസഫ്, ഹെഡ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ്, മാർഇവാനീയോസ് കോളേജ്, റ്റി.സി.7/21-A,NLRA-5A, നീരായി ലെയിൽ, ഉള്ളൂർ, തിരുവനന്തപുരം.
4. ശ്രീമതി ലക്ഷ്മി രാജീവ്, ബി-4, തിരുമുഖം, ശ്രീവിലാസ് ലെയിൻ, ടോൾ ജംഗ്ഷൻ, കവടിയാർ, തിരുവനന്തപുരം.

LIBRARY ARCHIVES Kerala Legislative Assembly